## പതിമൂന്നാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*335 — 14/07/2015-ൽ മറുപടിയ്ക്ക്

### സ്കൂൾ കലോത്സവങ്ങളിൽ പങ്കെടുക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. മുരളീധരൻ<br>" ഐ. സി. ബാലകൃഷ്ണൻ<br>" കെ. അച്യുതൻ<br>" ഡൊമിനിക് പ്രസന്റേഷൻ : | | ശ്രീമതി. പി. കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ കലോത്സവങ്ങളിൽ പങ്കെടുക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നല്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | 10/05/2005-ാം തീയതിയിലെ 951/2005/പജപവവിവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അക്കാദമിക് - കലാകായിക രംഗങ്ങളിൽ മികവ് പ്രകടിപ്പിക്കുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രോത്സാഹന സഹായം നല്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | ടി പദ്ധതി പ്രകാരം 8, 9, 10, +2, ബിരുദം, ബിരുദാനന്തരകോഴ്സുകൾ, കലാകായിക മത്സരങ്ങൾ (ജില്ലാതലം, സംസ്ഥാനതലം, സർവ്വകലാശാല അന്തർ സർവ്വകലാശാല) എന്നിവയിൽ മികവ് പ്രകടിപ്പിക്കുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന ധനസഹായം നല്കി വരുന്നു. ജില്ലാതല സ്കൂൾ കലാമത്സരത്തിൽ ഒന്നാം സ്ഥാനം നേടുന്ന വിദ്യാർത്ഥികൾക്ക് 800 രൂപ, രണ്ടാം സ്ഥാനം നേടുന്നവർക്ക് 600 രൂപയും സംസ്ഥാനതല സ്കൂൾ കലാമത്സരത്തിൽ ഒന്നാം സ്ഥാനം നേടുന്ന വിദ്യാർത്ഥികൾക്ക് 1000 രൂപ, രണ്ടാം സ്ഥാനം നേടുന്നവർക്ക് 800 രൂപയും എന്ന നിരക്കിൽ ധനസഹായം നല്കി വരുന്നു. |

| | | | |
|---|---|---|---|
| (സി) | സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ; | (സി) | കലാമത്സരങ്ങളിൽ ഒന്നാം സ്ഥാനവും രണ്ടാം സ്ഥാനവും നേടുന്നവർക്ക് സാമ്പത്തിക സഹായം ലഭിക്കുന്നതിന് അഹർതയുണ്ട്. സർക്കാർ/ എയിഡഡ് സ്കൂളുകളിൽ പഠിക്കുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികളെയാണ് പരിഗണിക്കുന്നത്. |
| (ഡി) | ഏത് വർഷം മുതലാണ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നല്കാമോ ? | (ഡി) | 2005 മുതൽ പദ്ധതി നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് -എസ്.എസ്.എൽ.സി, പ്ലസ് 2, ഡിഗ്രി, പോസ്റ്റ് ഗ്രാഡ്വേഷൻ തുടങ്ങിയ കോഴ്സുകൾക്ക് ഡിസ്റ്റിംഗ്ഷനോ അതിനു മുക ളിലോ മാർക്ക് വാങ്ങുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിച്ച് നൽകാൻ അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്

സ.ഉ(എം.എസ്) നം. 951/2005/പജപവവിവ തിരുവനന്തപുരം തിയതി. 10.5.10.05

---

പരാമർശം;- പട്ടികവർഗ്ഗ വികസന ഡയറക്ടറുടെ 1.12.03, 1.1.2005 തിയതികളിലെ സി3/15833/03 നം.കത്തുകൾ

ഉത്തരവ്

എസ്.എസ്.എൽ.സി, പ്ലസ് 2, ഡിഗ്രി,പോസ്റ്റ് ഗ്രാഡ്വേഷൻ തുടങ്ങിയ കോഴ്സു
കൾക്ക് ഡിസ്റ്റിംഗ്ഷനോ അതിന് മുകളിലോ മാർക്ക് വാങ്ങുന്ന പട്ടികവർഗ്ഗ വിദ്യാ
ർത്ഥികൾ ക്ക് പ്രത്യേക പ്രോൽസാഹന ധനസഹായം നൽകുന്നത് വളരെ ഉചിതമാ
ണെന്നും ടി വിദ്യാർത്ഥികൾക്ക് അക്കാഡമിക്, കലാകായിക രംഗങ്ങളിൽ പ്രോൽസാ
ഹന ധനസഹായം നൽകി വരുന്നത് സ്പെഷ്യൽ ഇൻസെന്റീവ് ടു ബ്രില്യൻസ്
സ്റ്റുഡൻസ് സ്പെഷ്യൽ ഇൻസെന്റീവ് ടു ബ്രില്യൻസ് സ്റ്റുഡൻസ് എന്നീ പദ്ധതികൾ
പ്രകാരമാണെന്നും ടി പദ്ധതികളും ഡിസ്റ്റിംഗ്ഷൻ നേടുന്ന വിദ്യാർത്ഥികൾക്കുളള
ധനസഹായ പദ്ധതിയും കൂടി ഉൾപ്പെടുത്തി മെരിറ്റ് അവാർഡ് എന്ന പേരിൽ ഒരു
പദ്ധതി നടപ്പിലാക്കാൻ അനുമതി നൽകണമെന്നും പട്ടികവർഗ്ഗ വികസന ഡയറക്ടർ
പരാമർശത്തിലെ കത്ത് മുഖേന അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് -എസ്.എസ്.എൽ.സി, പ്ലസ് 2, ഡിഗ്രി, പോസ്റ്റ് ഗ്രാഡ്വേഷൻ തുടങ്ങിയ കോഴ്സുകൾക്ക് ഡിസ്റ്റിംഗ്ഷനോ അതിനു മുകളിലോ മാർക്ക് വാങ്ങുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് താഴെ പറയും പ്രകാരം ധനസഹായം അനുവദിച്ച് നൽകുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിലേക്കാവശ്യമായ തുക '2225-02-277-92-(നോൺപ്ലാൻ)' , '2225-02-277-85-(പ്ലാൻ)' '2225-02-277-82-(പ്ലാൻ)' എന്നീ ശീർഷകങ്ങളിൽ നിന്നും കണ്ടെത്താവുന്നതാണ്.

| ക്രമ നം | പഠന പദ്ധതി | അവാർഡിനുള്ള യോഗ്യത | നിലവിലുള്ള നിരക്ക് (രൂപ) | വർദ്ധിപ്പിച്ചു നൽകേണ്ട നിരക്ക് (രൂപ) |
|---|---|---|---|---|
| 1 | 8,9 ക്ലാസ്സുകൾ (കേരള സെൻട്രൽ ബോർഡ് ഓഫ് സെക്കൻഡറി എഡ്യൂക്കേഷൻ സിലബസ്സുകൾ) | വാർഷികപരീക്ഷയിൽ 50% മാർക്ക് നേടുന്നവർ | 50/- | 500/- |
| 2 | 10-ാം ക്ലാസ്സ് (കേരള സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ സിലബസ്സുകൾ | ഡിസ്റ്റിംഗ്ഷൻ നേടുന്ന എല്ലാവർക്കും | ഇല്ല | 4000/- |
| 3 | | ഫസ്റ്റ് ക്ലാസ്സ് നേടുന്ന എല്ലാവർക്കും | 2500/- | 3000/- |
| 4 | | ഫസ്റ്റ് ക്ലാസ്സിന് താഴെ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന പാലക്കാട്,മലപ്പുറം, വയനാട് ജില്ലകളിലെ 20 പേർക്ക് വീതവും മറ്റ് ജില്ലകളിലെ 10 പേർക്ക് വീതവും | 1500/- | 2,000/- |
| 5 | പ്ലസ് 2 /ഹയർസെക്കന്ററി / XII -ാം ക്ലാസ്സ്(കേരള സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ സിലബസ്സുകൾ | ഡിസ്റ്റിംഗ്ഷൻ നേടുന്ന എല്ലാവർക്കും | ഇല്ല | 5000/- |
| 6 | | ഫസ്റ്റ് ക്ലാസ്സ് നേടുന്ന എല്ലാവർക്കും | 3000/- | 4000/- |
| 7 | | ഫസ്റ്റ് ക്ലാസ്സിന് താഴെ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന പാലക്കാട്,മലപ്പുറം, വയനാട് ജില്ലകളിലെ 5 പേർക്ക് വീതവും മറ്റ് ജില്ലകളിലെ 2 പേർക്ക് വീതവും | 2000/- | 3000/- |
| 8 | | ഫസ്റ്റ് ക്ലാസ്സ് നേടുന്ന എല്ലാവർക്കും | 3500/- | 4,500/- |
| 9 | | ഫസ്റ്റ് ക്ലാസ്സിന് താഴെ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന പാലക്കാട്,മലപ്പുറം, വയനാട് ജില്ലകളിലെ 5 പേർക്ക് വീതവും മറ്റ് ജില്ലകളിലെ 2 പേർക്ക് വീതവും | 2500/- | 3000/- |
| 10 | എം.എ/എം.എസ്സ്സി/ എം.കോം ബിരുദാനന്തര ബിരുദകോഴ്സുകൾ | ഫസ്റ്റ് ക്ലാസ്സ് നേടുന്ന എല്ലാവർക്കും | 1500/- | 6000/- |
| 11 | കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടത്തുന്ന മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷ | മെഡിക്കൽ/എഞ്ചിനീയറിംഗ് വിഭാഗങ്ങളിൽ പട്ടികവർഗ്ഗത്തിൽ ഒന്നാമതെത്തുന്നവർക്ക് | സ്വർണ്ണ നാണയം (നിലവിൽ ഉത്തരവില്ല) | ഒരു പവൻ മൂല്യമുള്ള സ്വർണ്ണ നാണയം |

| | | | | |
|---|---|---|---|---|
| 12 | ജില്ലാതല സ്ക്കൂൾ/ കലാ/കായിക മൽസരങ്ങൾ | സ്പോർട്സിലും ആർട്സിലും ഓരോ ഇനത്തിലും ഒന്നാം സ്ഥാനം നേടുന്നവർക്ക് | 600/- | 800/- |
| 13 | | സ്പോർട്സിലും ആർട്സിലും ഓരോ ഇനത്തിലും രണ്ടാം സ്ഥാനം നേടുന്നവർക്ക് | 400/- | 600/- |
| 14 | സംസ്ഥാനതല സ്ക്കൂൾ/ കലാ/കായിക മൽസരങ്ങൾ | സ്പോർട്സിലും ആർട്സിലും ഓരോ ഇനത്തിലും ഒന്നാം സ്ഥാനം നേടുന്നവർക്ക് | 600/- | 1000/- |
| 15 | | സ്പോർട്സിലും ആർട്സിലും ഓരോ ഇനത്തിലും രണ്ടാം സ്ഥാനം നേടുന്നവർക്ക് | 500/- | 800/- |
| 16 | സർവ്വകലാശാലാ മൽസരങ്ങൾ | സ്പോർട്സിലും ആർട്സിലും ഓരോ ഇനത്തിലും ഒന്നാം സ്ഥാനം നേടുന്നവർക്ക് | 800/- | 1000/- |
| 17 | | സ്പോർട്സിലും ആർട്സിലും ഓരോ ഇനത്തിലും രണ്ടാം സ്ഥാനം നേടുന്നവർക്ക് | 750/- | 800/- |
| 18 | അന്തർ സർവ്വകലാ ശാലാ മൽസരങ്ങൾ | സ്പോർട്സിലും ആർട്സിലും ഓരോ ഇനത്തിലും ഒന്നാം സ്ഥാനം നേടുന്നവർക്ക് | 1000/- | 1500/- |
| 19 | | സ്പോർട്സിലും ആർട്സിലും ഓരോ ഇനത്തിലും രണ്ടാം സ്ഥാനം നേടുന്നവർക്ക് | 900/- | 1000/- |

800
600

ഗവർണറുടെ ഉത്തരവിൻപ്രകാരം
എം.വിജയകുമാരൻ നായർ
അണ്ടർസെക്രട്ടറി
ഗവ.പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക്വേണ്ടി

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ് തിരുവനന്തപുരം
ധനകാര്യവകുപ്പ്(File No. 17918/Agri.C3/05/fin .Dated .28.3.05)
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഒ.സി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

ബി.എ. 2.7.

BEENAMOL K J
Section Officer,
SC/ST D (pm) Dept.